പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 302 — 09.03.2015-ൽ മറുപടിയ്ക്ക്

## നാഷണൽ ഗെയിംസ് ചെലവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) | നാഷണൽ ഗെയിംസിന് എത്ര കോടി രൂപ കേന്ദ്രവിഹിതമായി ലഭിച്ചു; കേരളത്തിന്റെ വിഹിതമായി എത്ര തുക ചെലവഴിച്ചു ; വിശദവിവരം നൽകുമോ; | (എ) | കേന്ദ്രവിഹിതമായി 121 കോടി രൂപ ലഭിച്ചു. ദേശീയ ഗെയിംസിനുവേണ്ടി കേന്ദ്ര സംസ്ഥാന വിഹിതമായി ആകെ അനുവദിച്ച 393.12 കോടി രൂപയിൽ, 367.54 കോടി രൂപ 28.02.2015 വരെ ചെലവഴിച്ചു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. സംസ്ഥാനവിഹിതമായി അനുവദിച്ച 272.12 കോടി രൂപയിൽ 242.12 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചു. |
| (ബി) | ഇതിൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റിന്റെ ഭാഗമായി എത്ര കോടി രൂപ ചെലവഴിച്ചു; പുതിയതായി എത്ര സ്റ്റേഡിയങ്ങൾ പണികഴിപ്പിച്ചു; എത്ര കോടി രൂപ ചെലവഴിച്ചു; | (ബി) | സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 177.52 കോടി രൂപ 28.02.2015 വരെ ചെലവഴിച്ചു. പുതുതായി 9 സ്റ്റേഡിയങ്ങൾ പണി കഴിപ്പിച്ചു. ഇതിനായി 84.88 കോടി രൂപ ചെലവായി. |
| (സി) | നാഷണൽ ഗെയിംസ് ഇനത്തിൽ ആകെ ലഭിച്ച തുകയുടേയും ചെലവഴിച്ച തുകയുടേയും ഇനം തിരിച്ച വിശദാംശം നൽകുമോ;ഉദ്ഘാടനച്ചടങ്ങിനു മാത്രമായി എത്ര കോടി രൂപ ചെലവഴിച്ചു; വിശദവിവരം നൽകുമോ; | (സി) | വരവു ചെലവുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഉദ്ഘാടന, സമാപന ചടങ്ങുകളിൽ മന്ത്രിമാർക്കും, എം.എൽ. മാർക്കും വേണ്ടത്ര പരിഗണന ലഭിച്ചില്ലെന്ന മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവേശന പാസുകൾ പോലും അർഹിക്കുന്ന പ്രാധാന്യത്തോടെ | (ഡി) & (ഇ) | ഹോസ്റ്റ് സിറ്റി കോൺട്രാക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് ഉദ്ഘാടന സമാപന ചടങ്ങുകളിലെ സീറ്റിംഗ് ക്രമീകരണങ്ങൾ നിശ്ചയിച്ചിരുന്നത്. പാസുവിതരണം സുതാര്യമായ തരത്തിൽ എല്ലാവിഭാ ഗങ്ങളിലുമുള്ളവർക്കുംപ്രാതിനിധ്യം നൽകുന്ന തരത്തിലാണ് നടത്തിയിട്ടുള്ളത്. |

നൽകിയില്ലെന്ന തരത്തിലുള്ള
വാർത്തയും
ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
വിശദവിവരം നൽകുമോ?

(ഇ) ഉദ്ഘാടന, സമാപന
ചടങ്ങുകളിൽ മന്ത്രിമാർക്കും,
M.L.A മാർക്കും വേണ്ടത്ര
പരിഗണന ലഭിച്ചില്ലെന്ന
മാധ്യമവാർത്ത
ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
പ്രവേശന പാസുകൾ പോലും
അർഹിക്കുന്ന പ്രാധാന്യത്തോടെ
നൽകാതെ പരിഹസിയ്ക്കുന്ന
തരത്തിലുള്ള വാർത്തയും
ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
വിശദവിവരം നൽകുമോ?

സെക്ഷൻ ഓഫീസർ

അനുബന്ധം

**ദേശീയ ഗെയിംസിന്റെ ഭാഗമായി പ്രധാനമായും താഴെപറയുന്ന വിഭാഗങ്ങളിൽ 2009 മുതൽ 28.02.2015 വരെ തുക ചെലവായിട്ടുണ്ട്**

| ക്രമ നം. | ഇനങ്ങൾ | തുക (കോടിയിൽ) |
|---|---|---|
| 1 | സ്റ്റേഡിയങ്ങളുടെ നിർമ്മാണ / പുനരുദ്ധാരണ പ്രവർത്തനങ്ങൾ | 177.52 |
| 2 | കായിക ഉപകരണങ്ങൾ വാങ്ങൽ | 29.32 |
| 3 | ഉദ്ഘാടന സമാപന ചടങ്ങുകൾ | 10.86 |
| 4 | ഗെയിംസ് നടത്തിപ്പ് & താൽക്കാലിക നിർമ്മിതികൾ | 68.10 |
| 5 | ഗെയിംസ് വില്ലേജ് | 50.21 |
| 6 | പലവക ചെലവുകൾ | 15.33 |
| 7 | ഗ്രീൻഫീൽഡ് സ്റ്റേഡിയം കാര്യവട്ടം | 3.12 |
| 8 | പരിശീലനത്തിനും ഉപകരണങ്ങൾ വാങ്ങാനുമായി സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് നൽകിയത് | 4.50 |
| 9 | LNCPE സൈക്കിൾ വെലോഡ്രോം | 0.40 |
| 10 | ആലപ്പുഴ മുൻസിപ്പാലിറ്റി സ്റ്റേഡിയത്തിന് സർക്കാർ ഉത്തരവു പ്രകാരം കൈമാറിയത് | 5.00 |
| 11 | റൺ കേരള റൺ | 3.18 |
| | ആകെ തുക | 367.54 |

സെക്ഷൻ ഓഫീസർ